169 (2355) സുൽത്താൻബത്തേയിരിയിൽ ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് നടപടി

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻബത്തേരി താലൂക്കിൽ ഐ.ടി.ഐ. നിലവിലില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സുൽത്താൻബത്തേരി താലൂക്കിൽ സർക്കാർ മേഖലയിൽ ഒരു ഐ.ടി.ഐ. സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ച് യുക്തമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

170 (2356) സുൽത്താൻബത്തേരിയിലെ നീതിമെഡിക്കൽ സ്റ്റോർ

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻബത്തേരിയിലെ നീതി മെഡിക്കൽസ്റ്റോർ താലൂക്ക് ആശുപത്രി കോമ്പൗണ്ടിൽ പ്രവർത്തിപ്പിക്കുന്നതിനുവേണ്ട സ്ഥലം നൽകണം എന്ന അപേക്ഷയിൽ ഗവൺമെന്റിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) എത്രയുംപെട്ടെന്ന് ഇതിനായി സ്ഥലസൗകര്യം ലഭ്യമാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ)&(ബി) പ്രസ്തുത ആശുപത്രിയിൽ എച്ച്.ഡി.സി.യുടെ ആഭിമുഖ്യത്തിൽ ന്യായവില മെഡിക്കൽ സ്റ്റോർ തുടങ്ങുന്നതിന് തീരുമാനമെടുത്തിട്ടുള്ളതായി ആരോഗ്യവകുപ്പു ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എച്ച്.ഡി.സി.കൾക്ക് തുടങ്ങുവാൻ കഴിയാത്ത സാഹചര്യത്തിലാണ് നീതി സ്റ്റോർ തുടങ്ങിയ സംരംഭങ്ങൾ പരിഗണിക്കപ്പെടുക.

171 (2357) മോട്ടോർ സൈക്കിൾ നൽകാൻ നടപടി

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആരോഗ്യവകുപ്പ് ജീവനക്കാർക്ക് മോട്ടോർ സൈക്കിൾ മുതലായ ടൂ വീലർ നൽകുന്നതിനായി എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

(ബി) ഈ പദ്ധതിയുടെ അടിസ്ഥാനത്തിൽ 1998-99, 1999-2000 വർഷങ്ങളിൽ എത്രപേർക്ക് ടൂ വീലർ വിതരണം ചെയ്തിട്ടുണ്ട് എന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly